**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ് – പബ്ലിക് പോർട്ടലിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സേവനങ്ങളുടെ ദുരുപയോഗം തടയുന്നതിനും അക്ഷയ കേന്ദ്രങ്ങളുടെ സേവനങ്ങൾ കൂടുതൽ ജനസേവനകരമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ – **ഉത്തരവ്** പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.177/2018/വി.സാ.വ** തീയതി,തിരുവനന്തപുരം, 27/06/2018

---

**പരാമർശം:-** കേരള സംസ്ഥാന ഐ.ടി. മിഷൻ ഡയറക്ടറുടെ 23.4.2018-ലെ e-District/8/2018-KSITM/2272 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇന്റർനെറ്റ് ഉപയോഗത്തിന് വീട്ടിൽ സൗകര്യമില്ലാത്തവർക്ക് ഓൺലൈൻ സേവന കേന്ദ്രങ്ങൾ മുഖേന അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാമെന്ന നിലവിലെ സംവിധാനം ദുരുപയോഗം ചെയ്തുകൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ ഓൺലൈൻ സേവന കേന്ദ്രങ്ങൾ അനധികൃതമായി ഇ-ഡിസ്ട്രിക്ട് അപേക്ഷകൾ കൈകാര്യം ചെയ്യുന്നതായും അമിത ഫീസ് ഈടാക്കുന്നതായും ഇതുസംബന്ധിച്ച് പൊതുജനങ്ങളുടെ പരാതിക്കിടനല്കുന്നതായും സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കേരള സംസ്ഥാന ഐ.ടി. മിഷൻ ഡയറക്ടറുടെ പരാമർശ കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് പബ്ലിക് പോർട്ടലിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സേവനങ്ങളുടെ ദുരുപയോഗം തടയുന്നതിനും അക്ഷയ കേന്ദ്രങ്ങളുടെ സേവനങ്ങൾ കൂടുതൽ ജനസേവനകരമാക്കുന്നതിലേയ്ക്കുമായി ചുവടെ ചേർത്തിട്ടുള്ള പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1 ഓപ്പൺ പോർട്ടൽ മുഖേന ഒരു വ്യക്തിക്ക് ഒരു മാസം ലഭിക്കുന്ന ഇ-ഡിസ്ട്രിക്ടുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ എണ്ണം പരമാവധി 5 ആയി നിജപ്പെടുത്തുന്നു.

2 പബ്ലിക് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ സർട്ടിഫിക്കറ്റും O T P മുഖേന അനുവദിക്കുന്ന രീതി അടിയന്തിരമായി പ്രാവർത്തികമാക്കേണ്ടതാണ്.

3 വ്യാപകമായി ജനസേവനകേന്ദ്രങ്ങൾ എന്ന പേരിലുള്ള സ്ഥാപനങ്ങൾ അക്ഷയ കേന്ദ്രങ്ങളുടെ തൊട്ടടുത്ത് ആരംഭിക്കുന്ന സാഹചര്യത്തിൽ പുതിയ ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന കാര്യത്തിൽ ജാഗ്രത പുലർത്തുവാനും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അനധികൃത കേന്ദ്രങ്ങൾ നിർത്തലാക്കുവാനും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കേണ്ടതാണ്.

4 ഇ–ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ആധാർ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത് വ്യക്തികൾക്ക് അപേക്ഷകൾ ഓൺലൈനായി അയയ്ക്കുന്നതിന് അനുവദിച്ചിട്ടുള്ള സംവിധാനം ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ദുരുപയോഗം ചെയ്യുന്ന സ്ഥാപനത്തിന്റെ വിശദാംശങ്ങൾ സഹിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സംവിധാനം സിറ്റിസൺ കാൾ സെന്ററിൽ ഒരുക്കുന്നതിനുള്ള നടപടികൾ ഐ.ടി മിഷൻ ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

5 സംസ്ഥാനത്തെ എല്ലാ അക്ഷയ കേന്ദ്രങ്ങളും 2018 സെപ് റ്റംബർ 30 – നകം FTTH (Fibre to the Home) കണക്ടിവിറ്റിയിലേയ്ക്ക് മാറേണ്ടതാണ്. എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും അക്ഷയ ഡയറക്ടർ സ്റ്റാറ്റിക് ഐ.പി. അനുവദിക്കേണ്ടതും അക്ഷയ കേന്ദ്രങ്ങൾ മേൽസമയപരിധിക്കകം FTTH (Fibre to the Home) കണക്ടിവിറ്റിയിലേയ്ക്ക് മാറുന്ന മുറയ്ക്ക് ആയത് പൂർത്തീകരിക്കേണ്ടതുമാണ്.

6 കേരള സംസ്ഥാന സർവ്വീസ് പോർട്ടലിൽ അക്ഷയയ്ക്ക് ലോഗിൻ അനുവദിക്കുന്നതിനുള്ള നടപടികൾ ഐ.ടി മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വിനോദ്.ജി**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ

ഡയറക്ടർ, അക്ഷയ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ അക്ഷയ ജില്ലാ കോർഡിനേറ്റർമാർക്കും

തദ്ദേശ സ്വയംഭരണ വകുപ്പ്

റെവന്യൂ വകുപ്പ്

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ (ബി)വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

പകർപ്പ്:- ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by AJITHKUMAR A
Date: 2018.06.27 16:10:59 IST
Reason: Approved

സെക്ഷൻ ഓഫീസർ